**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3135** **13.03.2017 ൽ മറുപടിയ്ക്ക്**

**വിഷാംശമുള്ള പച്ചക്കറികളുടെയും പഴവർഗ്ഗങ്ങളുടെയും വിൽപന**

| **ചോദ്യം**<br>ശ്രീ. വി.എസ് ശിവകുമാർ | **ഉത്തരം**<br>ശ്രീ. വി.എസ് സുനിൽകുമാർ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) വിഷാംശമുള്ള പച്ചക്കറികളും പഴവർഗ്ഗങ്ങളും വിൽപന നടത്തുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) സംസ്ഥാനത്ത് സുരക്ഷിത ഭക്ഷ്യവസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിലേക്കായി രൂപീകരിച്ചിട്ടുള്ള ക്ലസ്റ്ററുകളിൽ ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് ജി.എ.പി. സർട്ടിഫിക്കേഷൻ സഹിതം പ്രത്യേക പായ്ക്കിംഗ് ലേബലിംഗോടെ വിൽപന നടത്തുന്നതിന് ധനസഹായം നൽകുന്നുണ്ട്. കൃഷി വകുപ്പിന്റെ മേൽനോട്ടത്തിൽ ഇപ്രകാരം ഉൽപാദിപ്പിക്കുന്ന പച്ചക്കറി ഉല്പന്നങ്ങൾ 'കേരള ഓർഗാനിക്' എന്ന ബ്രാന്റ് നാമത്തിൽ ഈ വരുന്ന വിഷുക്കാലത്ത് വിപണനം ആരംഭിക്കും. മാർക്കറ്റിൽ നിന്നും ശേഖരിക്കുന്ന പഴം പച്ചക്കറി സാമ്പിളുകൾ കീടനാശിനി അവശിഷ്ട പരിശോധനാ ലബോറട്ടറിയിൽ പരിശോധിച്ച് വിവരം പരസ്യപ്പെടുത്തുന്നുണ്ട്. ജൈവകൃഷി പ്രോത്സാഹന പദ്ധതി നടപ്പിലാക്കുന്നതുവഴി കീടനാശിനികളുടെ അനിയന്ത്രിത ഉപയോഗം ഒഴിവാകുന്നു. |
| (ബി) പരിശോധനയിൽ വിഷാംശങ്ങളുണ്ടെന്ന് കണ്ടെത്തുന്ന പച്ചക്കറികളുടെയും പഴ വർഗ്ഗങ്ങളുടെയും വിൽപന ഉടനടി തടയാൻ സംവിധാനം നിലവിലുണ്ടോ; വിശദമാക്കാമോ? | (ബി) നിലവിലുള്ള സാങ്കേതിക വിദ്യയിൽ ഇത്തരം സംവിധാനങ്ങൾ പ്രായോഗികമല്ല. എന്നാൽ വിഷാംശമുള്ള പഴം പച്ചക്കറി ഉത്പന്നങ്ങൾ നിയന്ത്രിക്കുന്നതിനുള്ള ആധുനിക സംവിധാനങ്ങൾ വിവിധ വകുപ്പുകളുടേയും ശാസ്ത്രസ്ഥാപനങ്ങളുടേയും ഏകോപനത്തിലൂടെ നടത്തുവാൻ സർക്കാർ നടപടി ആരംഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**